بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 20.03.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*20.03.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**റസൂൽ തിരുമേനി(സ) യുടെ നിർദ്ദേശപ്രകാരം മസീഹ് മൗഊദിന്റെ ആഗമനവുമായി ബന്ധപ്പെട്ട പ്രത്യേകവും മഹത്വരവുമായ ഒരു അടയാളം സൂര്യചന്ദ്രഗ്രഹമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മസീഹ് മൗഊദ് (അ) ന്റെ സത്യസാക്ഷ്യത്തെ പിന്താങ്ങികൊണ്ട് അതു കിഴക്കും പടിഞ്ഞാറും പൂർത്തിയായി. അത്കൊണ്ട് തന്നെ ഗ്രഹണം എന്ന അടയാളത്തിന് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തുമായി ഒരു പ്രത്യേകബന്ധം തന്നെ ഉണ്ട്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു. ഇന്ന് ഇവിടെ സൂര്യഗ്രഹണമായിരുന്നു. ഇതുപോലെ മറ്റു ചില രാജ്യങ്ങളിലും ഗ്രഹണം ഉണ്ടായി. റസൂൽ തിരുമേനി (സ) പ്രത്യേകിച്ച് ഈ സന്ദർഭങ്ങളിൽ ദുആ ചെയ്യാനും, ഇസ്തിഗ്ഫാർ ചെയ്യാനും സദഖയും,ദാനദർമ്മവും നടത്താനും ,നമസ്കരിക്കാനും നിർദ്ദേശിച്ചു. അതുകൊണ്ട് തന്നെ ഗ്രഹണം നടക്കും എന്നു വാർത്തയുള്ള സ്ഥലങ്ങളിലെ ജമാഅത്തുകളോട് ഗ്രഹണനമസ്കാരം അനുഷ്ഠിക്കാൻ നിർദ്ദേശിച്ചിരുന്നു. ഇവിടെ നമ്മളും റസൂൽ(സ) തിരുമേനിയുടെ സുന്നത്ത് അനുസരിച്ച് നമസ്കാരം അനുഷ്ഠിച്ചു. ഹദീസിൽ അല്ലാഹുവിന്റെ പ്രത്യേകമായ അടയാളങ്ങളിലൊന്നായി സൂര്യചന്ദ്രഗ്രഹണങ്ങളെ നിശ്ചയിച്ചിരിക്കുന്നു. റസൂൽ തിരുമേനി(സ) യുടെ നിർദ്ദേശപ്രകാരം മസീഹ് മൗഊദിന്റെ ആഗമനവുമായി ബന്ധപ്പെട്ട പ്രത്യേകവും മഹത്വരവുമായ ഒരു അടയാളം സൂര്യചന്ദ്രഗ്രഹമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മസീഹ് മൗഊദ് (അ) ന്റെ സത്യസാക്ഷ്യത്തെ പിന്താങ്ങികൊണ്ട് അതു കിഴക്കും പടിഞ്ഞാറും പൂർത്തിയായി. അത്കൊണ്ട് തന്നെ ഗ്രഹണം എന്ന അടയാളത്തിന് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തുമായി ഒരു പ്രത്യേകബന്ധം തന്നെ ഉണ്ട്. ഇന്നത്തെ ഈ ഗ്രഹണം ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ നിയോഗത്തിന്റെ അടയാളമായിട്ടുള്ള ഗ്രഹണമാണ് എന്ന് പറയാൻ സാധ്യമല്ല. ഗ്രഹണങ്ങൾ അല്ലാഹുവിന്റെ അടയാളങ്ങളിൽ പെട്ട അടയാളമാണ്. പ്രത്യേക അടയാളമാണ് എന്ന് പറയാൻ സാധ്യമല്ല എന്നാൽ ഈ ഗ്രഹണം ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ നിയോഗ സമയത്ത് അടയാളമായി വെളിപ്പെട്ട ഗ്രഹണങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ തിരിക്കുന്നു. അതുപോലെ തന്നെ ഗ്രഹണം നടന്ന ഇന്നത്തെ ഈ ദിവസവും ഈ അടയാളത്തിലേക്ക് ശ്രദ്ധ തിരിയാൻ കാരണമാണ്. അതായത് ഇന്ന് വെള്ളിയാഴ്ചയാണ്. ജുമുഅ ദിവസത്തിന് ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ ആഗമനവുമായി ഒരു പ്രത്യേകബന്ധം ഉണ്ട്. പിന്നീട് മാർച്ച് മാസം ആയ കാരണത്താലും ഇതിലേക്ക് ശ്രദ്ധ തിരിയുന്നു കാരണം മൂന്ന് ദിവസങ്ങൾക്ക് ശേഷം ഈ മാസത്തിൽ അതായത് മാർച്ച് 23ന് മസീഹ് മൗഊദ് ദിനം കൂടിയാണ് വാദം ഉന്നയിക്കപ്പെട്ട ദിവസം. ചുരുക്കത്തിൽ ഈ മാസവും, ദിവസവും, ഈ ഗ്രഹണവും, വിവിധ വശങ്ങളിലൂടെ ജമാഅത്തിന്റെ ചരിത്രം ഓർമ്മപ്പെടുത്തുന്നവയാണ്. അതുകൊണ്ട് ഞാൻ ഗ്രഹണനമസ്കാര ശേഷം ഖുത്ബക്ക് വേണ്ടി തിരഞ്ഞെടുത്തപ്പോൾ ജുമുഅ ഖുത്ബയും ഗ്രഹണവുമായി ബന്ധപ്പെട്ടു സംസാരിക്കാം എന്ന് ചിന്തിച്ചു. ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഗ്രഹണത്തെക്കുറിച്ചുള്ള പ്രവചനം, അതു റസൂൽ തിരുമേനി(സ) യുടെ പ്രവചനമായിരുന്നു. ഇതുമായി ബന്ധപ്പെട്ട് അവിടുത്തെ ഉദ്ധരണികൾ കേൾപ്പിക്കാം. അല്ലെങ്കിൽ ഒന്ന് രണ്ട് ഉദ്ധരണികളും അതുപോലെ തന്നെ ഈ ഗ്രഹണങ്ങൾ കണ്ട് കൊണ്ട് ജമാഅത്തിൽ പ്രവേശിക്കുകയും തങ്ങളുടെ വിശ്വാസത്തെ തിളക്കമുള്ളതാക്കി തീർക്കുകയും ചെയ്ത സഹാബാക്കളുടെ ഏതാനും സംഭവങ്ങൾ കേൾപ്പിക്കാം. ആദ്യമായി ഞാൻ പറഞ്ഞതുപോലെ റസൂൽ തിരുമേനി(സ) ഈ ഗ്രഹണങ്ങൾക്ക് വലിയ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. അതുകൊണ്ട് അവിടുത്തെ ജീവിതത്തിൽ ഒരു ഗ്രഹണം നടന്നപ്പോൾ ഇതുമായി ബന്ധപ്പെട്ട ഒരുപാട് ഹദീസുകൾ വന്നിട്ടുണ്ട്. ഒരു ഹദീസ് ഞാൻ പറയാം.

ഹദ്റത് അസ്മ(റ) നിവേദനം ചെയ്യുന്നു. സൂര്യഗ്രഹണം നടന്നപ്പോൾ ഞാൻ ഹദ്റത് ആയിശ(റ) യുടെ അടുത്ത് വന്ന സന്ദർഭത്തിൽ അവർ നമസ്കരിക്കുന്നതായി കണ്ടു. ഞാൻ ചോദിച്ചു, ജനങ്ങൾക്ക് എന്തു പറ്റി ? ഈ സമയത്ത് അവർ എഴുന്നേറ്റ് നമസ്കരിക്കുന്നു. ഹദ്റത് ആയിശ(റ) ആകാശത്തിലേക്ക് വിരൽ ചൂണ്ടി സുബ്ഹാനല്ലാഹ് എന്ന് പറഞ്ഞു. ഞാൻ ചോദിച്ചു, എന്തെങ്കിലും അടയാളം ഉണ്ടോ. അപ്പോൾ അവർ തലയാട്ടികൊണ്ട് അതെ എന്നു പറഞ്ഞു. അതുപോലെ തന്നെ അവിടുന്ന് ഇതുകൂടി പറഞ്ഞു, ഇത് അല്ലാഹുവിന്റെ അടയാളങ്ങളിൽ പെട്ട ഒരു അടയാളമാണ്. ഇതിന് ആരുടേയെങ്കിലും ജീവിതവുമായോ മരണവുമായോ യാതൊരു ബന്ധവുമില്ല.ഇതിൽ ദുആ ചെയ്യുകയും ഇസ്തിഗ്ഫാർ ചെയ്യുകയും ചെയ്യേണ്ടതാണ്.

ഇനി ഞാൻ സൂര്യചന്ദ്രഗ്രഹണത്തെ കുറിച്ചുള്ള പ്രവചനത്തെക്കുറിച്ച് ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഉദ്ധരണി കേൾപ്പിക്കാം, അവിടുന്ന് പറയുന്നു, എനിക്ക് വലിയ അത്ഭുതം തോന്നുന്നു, അടയാളങ്ങൾക്ക് മേൽ അടയാളം പ്രകടമായിക്കൊണ്ടിരിക്കുന്നു. എന്നിട്ടും മൗലവിമാർക്ക് സത്യം സ്വീകരിക്കുന്നതിലേക്ക് ശ്രദ്ധയില്ല. അല്ലാഹു എല്ലാ മേഖലയിലും അവർക്ക് പരാജയം വരുത്തുന്നതും അവർ കാണുന്നില്ല. അവരുടെ കൂടെയും ഏതെങ്കിലും വിധത്തിലുള്ള ദൈവികസഹായം ഉണ്ടാകണം എന്ന് അവർ വളരെ അധികം ആഗ്രഹിക്കുന്നു. എന്നാൽ ദൈവികസഹായത്തിന് പകരമായി ഓരോ ദിവസവും അവരുടെ അപമാനവും പരാജയവുമാണ് വ്യക്തമായികൊണ്ടിരിക്കുന്നത്. അതായത് അവരുടെ നിർഭാഗ്യവും പരാജയവും സ്ഥാപിതമാകുന്നു. പ്രവചനം മനസ്സിലാക്കിതരുന്നതനുസരിച്ച് ഒരു മഹ്ദിയ്യത്ത് വാദിയുടെ കാലഘട്ടത്തിൽ പൂർത്തിയാവുകയെന്നത് ഈ കാര്യത്തിന് വ്യക്തമായ തെളിവാണ്. അതായത് ആരുടെ വായിൽ നിന്നാണോ ഈ വചനം പുറപ്പെട്ടത് ആ വ്യക്തി സത്യമാണ് പറഞ്ഞത്.

എന്നാൽ ആകാശവും അവർക്ക് എതിരായി തീർന്നു. ഭൂമിയുടെ അവസ്ഥയും എതിരായിതീർന്നുവെന്നത് എത്രമാത്രം ഗുണപാഠം കരസ്ഥമാക്കേണ്ട കാര്യമാണ്. ഒരു ഭാഗത്ത് ആകാശവും എതിരായി സാക്ഷി പറഞ്ഞു. മറുഭാഗത്ത് കുരിശിന്റെ വിജയം കാരണമായി ഭൂമിയും സാക്ഷ്യം പറയുന്നു. മറ്റൊരു സ്ഥലത്ത് ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു. നമുക്ക് വേണ്ടി സൂര്യചന്ദ്ര ഗ്രഹണത്തിന്റെ അടയാളം പ്രത്യക്ഷമാവുകയും നൂറ് കണക്കിനാളുകൾ ഇതുകണ്ടുകൊണ്ട് നമ്മുടെ ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി. ഈ സൂര്യചന്ദ്ര ഗ്രഹണം മുഖേന നമുക്ക് സന്തോഷവും ശത്രുക്കൾക്ക് നിന്ദ്യതയും ലഭിച്ചു. നാം വാഗ്ദത്തം ചെയ്യപ്പെട്ട മഹ്ദിയാണെന്ന് വാദിക്കുന്ന ഈ കാലത്ത് സൂര്യചന്ദ്ര ഗ്രഹണമുണ്ടാവണമെന്ന് അവരുടെ ഹൃദയം ആഗ്രഹിച്ചിരുന്നുവെന്ന് അവർ സത്യം ചെയ്തു പറയുമോ?

ഇതിനുശേഷം ഞാൻ ചില സഹാബാക്കളുടെ സംഭവം കേൾപിക്കാം. ഹദ്റത് ഗുലാം മുഹമ്മദ് സാഹിബ് (റ) വിവരിക്കുന്നു. വിനീതന്റെ ഗ്രാമത്തിൽ ആദ്യം മൗലവി ബദറുദ്ദീൻ എന്നു പേരായ ഒരു മൗലവിയുണ്ടായിരുന്നു. ഞാൻ മൗലവി ബദറുദ്ദീൻ സാഹിബിന്റെ വീട്ടിന്റെ മുൻ ഭാഗത്ത് അദ്ദേഹത്തിന്റെ കൂടെ നില്ക്കുകയായിരുന്നു. പകൽ സൂര്യന് ഗ്രഹണം ബാധിച്ചു. അപ്പോൾ മൗലവി സാഹിബ് പറഞ്ഞു സുബ്ഹാനല്ലാഹ് മഹ്ദി സാഹിബിന്റെ അടയാളം പ്രകടമായിരിക്കുന്നു. അദ്ദേഹത്തിന്റെ വരവിന്റെ സമയം അടുത്തിരിക്കുന്നു. കുറച്ച് കാലത്തിന് ശേഷം മൗലവി സാഹിബ് അഹ്മദിയായി. മൗലവി സാഹിബ് അങ്ങേയറ്റം കൂറുള്ള വ്യക്തിയും സദ്പ്രകൃതക്കാരനുമായിരുന്നു. അദ്ദേഹം തന്റെ മാതാപിതാക്കളേയും ഭാര്യയേയും ഒരു വർഷം പരിശ്രമിച്ചതിനു ശേഷം അഹ്മദിയാക്കി. പിന്നീട് ലാലിയയിലെ ഹാഫിള് ഹയാത്ത് സാഹിബ് "ലാലിയയിൽ അഹ്മദിയ്യത്ത്" എന്ന് ഒരു ലേഖനമെഴുതി.അദ്ദേഹം എഴുതുന്നു. 1894 ൽ സൂര്യചന്ദ്രഗ്രഹണം പൂർത്തിയായപ്പോൾ ഇമാംമഹ്ദി പ്രത്യക്ഷപ്പെട്ടിട്ടുണ്ടാകുമെന്ന കാര്യത്തിൽ ജനങ്ങളിൽ ഒരു ജിജ്ഞാസ ഉണ്ടായിരുന്നു. രിവായത്തുകളിൽ നിന്ന് മനസ്സിലാവുന്നത്, ഇനി എന്ത് സംഭവി ക്കുമെന്ന നിലയിൽ ജനങ്ങളുടെ ഹൃദയങ്ങളിൽ ഭയമുണ്ടായി രുന്നു. ആ കാലത്ത് ഈ അടയാളത്തെ കുറിച്ച് ധാരാളം ചർച്ച ചെയ്യപ്പെട്ടിരുന്നു. അതുപ്രകാരം ഹാഫിള് മുഹമ്മദ് ലക്കുകെ തന്റെ ഗ്രന്ഥമായ അഹ്വാലുൽ ആഖിറയിൽ ഇമാം മഹ്ദിയുടെ അടയാളത്തെ കുറിച്ച് തന്റെ പഞ്ചാബി ഭാഷയിൽ പറഞ്ഞിരിക്കുന്നു. ഇതേ പോലെ ലാലിയയിലെ മഹാത്മാവും സൂഫി വര്യനുമായ മിയാൻ മുഹമ്മദ് സിദ്ദീഖ് ലാലിയും ഈ അടയാളത്തെകുറിച്ച് പറഞ്ഞിരുന്നു.

ഈ അടയാളത്തെ കുറിച്ച് വീടുകൾതോറും ചർചയായിരുന്നു. സാധാരണക്കാർ കാലത്തിന്റെ ഇമാമിനെ അന്വേഷിച്ചുകൊണ്ടിരുന്നു. ഈ അവസ്ഥയിൽ മൗലാന താജ് മഹ്മൂദ് സാഹിബും മറ്റു ചില മഹാത്മാക്കളും കൂടിയാലോചിച്ച് സംഘമായി ഖാദിയാനിൽ പോയി മഹ്ദി(അ) നെ കാണുകയും പല രിവായത്തുകളിലും വാഗ്ദത്തം ചെയ്യപ്പെട്ട മഹ്ദിയെ സംബന്ധിച്ചുള്ള അടയാളങ്ങൾ പൂർത്തിയായോയെന്ന് പരിശോധിക്കാനും, അടയാളങ്ങൾ പൂർത്തിയായെങ്കിൽ അദ്ദേഹത്തിൽ ബൈഅത്ത് ചെയ്യാനും തീരുമാനിച്ചു. ഈ സംഘത്തിൽ മൂന്നാളുകൾ തലപ്പത്തുണ്ടായിരുന്നു. ഒന്ന് ശേഖ് അമീറുദ്ദീൻ സാഹിബ്, രണ്ട് മിയാൻ സാഹിബ് ദീൻ സാഹിബ്, മൂന്ന് മിയാൻ മുഹമ്മദ് യാർ സാഹിബ്. ഈ സംഘം കാൽ നടയായിട്ടാണ് യാത്ര പുറപ്പെട്ടത്. ബട്ടാലയിലെത്തിയപ്പോൾ അവിടെ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ ശിഷ്യന്മാർ ഇവരെ കണ്ടുമുട്ടി. അവരോട് ഖാദിയാനിലേക്കുള്ള വഴി ചോദിച്ചു. അവർ ഖാദിയാനിൽ പോകുന്നതിന്റെ കാരണം ചോദിച്ചു. അവർക്ക് കാര്യം മനസ്സിലായപ്പോൾ വിദ്യാർത്ഥികൾ ഖാദിയാനിൽ പോവുന്നത് വിലക്കി. എന്നിട്ട് പറഞ്ഞു ഏതൊരു വ്യക്തിയാണോ താൻ മഹ്ദിയാണെന്ന് വാദിച്ചത് അദ്ദേഹം നഊദുബില്ലാഹ് കള്ളനാണ്. ഈ സംഘം ഖാദിയാനിൽ എത്തിയപ്പോൾ ഹദ്റത് മസീഹ് മൗഊദ് (അ) മസ്ജിദ് മുബാറക്കിലുണ്ടായിരുന്നു. സദസ്സ് നടക്കുകയായിരുന്നു. ഹദ്റത് മസീഹ് മൗഊദ് (അ)പ്രസംഗിക്കുകയും സദസ്സിന്റെ ചോദ്യങ്ങൾക്ക് മറുപടി പറയുകയും ചെയ്യുകയായിരുന്നു. അതിനോടൊപ്പം അദ്ദേഹം എഴുത്തിലും മുഴുകിയിരുന്നു. ഇതും ഒരു അടയാളമായിരുന്നു. അതായത് അദ്ദേഹം ഒരു ഭാഗത്ത് എഴുതികൊണ്ടിരിക്കുന്നു. പേന ചലിച്ചുകൊണ്ടിരിക്കുന്നു. ആ ദൃശ്യത്തിൽ നിന്ന് വിഷയം ഹൃദയത്തിൽ ഇറങ്ങിചെല്ലുന്നതു പോലെ മറുഭാഗത്ത് സദസ്സിലിരുന്ന ജനങ്ങളോട് സംസാരിക്കുകയും ചെയ്യുന്നു. ഇവർ 3 ദിവസം വരെ ഹുസൂറിന്റെ സദസ്സിലിരുന്നു. ഹുസൂറിന്റെ കൂടെ പ്രഭാത സവാരിയിലും പങ്കെടുക്കുകയും ചെയ്തിരുന്നു. ലാലിയയിലെ പണ്ഡിതന്മാർ പറഞ്ഞ അടയാളങ്ങളെ കുറിച്ചു പരിശോധിച്ചു. തങ്ങളുടെ കണ്ണുകൾകൊണ്ട് ആ അടയാളങ്ങൾ പൂർത്തിയായത് കാണുകയുണ്ടായി. അവസാനം മടങ്ങുന്നതിനുമുമ്പ് പള്ളിയിൽ ഹാജറായിക്കൊണ്ട് മഹ്ദിക്ക് എന്റെ സലാം എത്തിക്കണമെന്ന് പറഞ്ഞ നബി കരീം(സ) യുടെ കല്പന നിറവേറ്റികൊണ്ട് ഹുസൂർ(അ) ന് സലാം പറയുകയും ബൈഅത്ത് ചെയ്യാൻ അപേക്ഷിക്കുകയും ചെയ്തു. ഇത് കേട്ടപ്പോൾ കുറച്ച് ദിവസം കൂടി നമ്മോടൊപ്പം താമസിക്കുക എന്ന് മസീഹ് മൗഊദ് (അ) പറഞ്ഞു. ഇതു കേട്ടപ്പോൾ ശേഖ് സാഹിബിന്റെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞു എന്നിട്ട് തന്റെ കാല് മുന്നിൽ വെച്ചു ഹുസൂറിന് കാണിച്ചുകൊണ്ട് പറഞ്ഞു. ഹുസൂർ ഇത്ര ദൂരം യാത്ര ചെയ്തതിന്റെ ഫലമായി കാലിൽ നീര് വന്നിരിക്കുകയാണ്. നാം വളരെ ബുദ്ധിമുട്ട് സഹിച്ചുകൊണ്ടാണ് വന്നത്. നാം അങ്ങയെ യഥാർത്ഥ മഹ്ദിയായി അംഗീകരിച്ചിരിക്കുന്നു. ജീവൻ ബാക്കിയുണ്ടാവുമോയെന്ന് അറിയില്ല. നമ്മുടെ ബൈഅത്ത് സ്വീകരിച്ചാലും. അങ്ങനെ മസ്ജിദ് മുബാറക്കിൽ വെച്ച് അവർ ബൈഅത്ത് ചെയ്യുകയുണ്ടായി.

അസദുല്ലാഹ് ഖുറൈശി സാഹിബ് ഹദ്റത് ഖാളി അക്ബർ സാഹിബ് (റ) നെ കുറിച്ച് എഴുതുന്നു .ഹദ്റത് ഖാളി അക്ബർ സാഹിബ് (റ) അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനുമുമ്പ് അഹ്ലെ ഹദീസായിരുന്നു. ഹദ്റത് മൗലവി ബുർഹാനുദ്ദീൻ സാഹിബ് ജഹ്ലമിയുടെ പക്ഷക്കാരനായിരുന്നു. തന്റെ പ്രദേശത്തുള്ള ഇമാമായിരുന്നു. ജനങ്ങളെ മതപരമായ തഅ്ലീം നല്കികൊണ്ടിരുന്നതിൽ മുഴുകിയ സമയത്ത് സൂര്യചന്ദ്ര ഗ്രഹണത്തിന്റെ അടയാളം ആകാശത്തിൽ പ്രത്യക്ഷപ്പെട്ടു. ഇമാം മഹ്ദിയുടെ ആഗമന കാലഘട്ടം അടുത്തിരിക്കുന്നുവെന്ന് അദ്ദേഹം ആദ്യമേ തന്നെ മനസ്സിലാക്കിയിരുന്നു. സൂര്യചന്ദ്രഗ്രഹണത്തിന്റെ അതിമഹത്തായ അടയാളം പ്രകടമായപ്പോൾ തന്റെ വിദ്യാർത്ഥികളിലും തന്റെ ചുറ്റുപാടുമുള്ള ആളുകളിലും ചർച്ച നടക്കുകയുണ്ടായി. സൂര്യചന്ദ്ര ഗ്രഹണത്തിന്റെ അടയാളം റമളാനിൽ പ്രകടമായപ്പോൾ ഇമാം മഹ്ദിയുടെ ആഗമനത്തിനുള്ള അടയാളം പ്രത്യക്ഷപ്പെട്ടുവെന്നും അദ്ദേഹത്തെ നാം അന്വേഷിക്കേണ്ടതാണെന്ന് ഖാളി സാഹിബ് പറഞ്ഞു. ആ കാലഘട്ടത്തിൽ ചാർകോട്ടിലെ ജനങ്ങൾ സാധനം വാങ്ങുന്നതിന് ജിഹ്ലമിൽ പോവാറുണ്ടായിരുന്നു. ഹദ്റത് മൗലവി ബുർഹാനുദ്ദീൻ സാഹിബ് (റ) നെ കാണുകയും സൂര്യചന്ദ്ര ഗ്രഹണത്തിന്റെ അടയാളം പ്രകടമായിരിക്കുന്നു. അതുകൊണ്ട് അങ്ങ് ഇമാം മഹ്ദിയെ സംബന്ധിച്ച് നമുക്ക് മാർഗദർശനം നല്കുകയെന്ന കാര്യം ജഹ്ലമിൽ വരുന്നവരിൽ ചുമതലപ്പെടുത്തി. അങ്ങനെ അവർ മൗലവി

സാഹിബിനെ കണ്ടു. ഹദ്റത് മൗലവി സാഹിബ് കുറച്ച് പുസ്ത കവും ഒരു കത്തും ഖാളി സാഹിബിന് അയച്ചുകൊടുത്തു. കത്തും പുസ്തകവും ലഭിക്കുന്നതിനുമുമ്പ് അദ്ദേഹം സ്വപ്ന ത്തിൽ കണ്ടു. ആരോ അദ്ദേഹത്തിന് 3 പുസ്തകം വായിക്കു ന്നതിനു കൊടുത്തു. അതിൽ നിന്ന് ആദ്യത്തെ പുസ്തകം വായി ക്കുന്നതിനു തുറന്നപ്പോൾ അതിന്റെ അകത്ത് അഴുക്ക് നിറഞ്ഞി രിക്കുകയും ദുർഗന്ധം വരികയും ചെയ്യുന്നു. അപ്പോൾ അദ്ദേഹം ആ ഗ്രന്ഥം എറിയുകയും മറ്റ് രണ്ടു പുസ്തകങ്ങളിൽ നിന്നും പ്രകാശകിരണങ്ങൾ പുറപ്പെടുന്നതായും കണ്ടു. ഹദ്റത് ബുർ ഹാനുദ്ദീൻ സാഹിബ് അയച്ചു തന്ന പുസ്തകം കരസ്ഥമാ ക്കിയപ്പോൾ അദ്ദേഹത്തിന്റെ സ്വപ്നം പുലർന്നു. അതിൽ ഒരു പുസ്തകം ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ വാദത്തെ നിഷേ ധിച്ചുകൊണ്ടുള്ള പുസ്തകമായിരുന്നു. അദ്ദേഹം ആദ്യം ആ പുസ്തകം വായിക്കാൻ തുടങ്ങി അതിൽ ഹദ്റത് മസീഹ് മൗഊദ് (അ) നെ കുറിച്ച് ഹൃദയം വേദനിപ്പിക്കുന്ന പദങ്ങൾ കണ്ടപ്പോൾ ആ പുസ്തകം വായിക്കുന്നത് ഉപേക്ഷിക്കുകയും പിൻപുറം വലിച്ചെറിയുകയും ചെയ്തു. മറ്റ് രണ്ട് പുസ്തക ങ്ങളും കത്തും വായിച്ചു. ഇപ്രകാരം ഇത് സ്വപ്നത്തിനനുസരിച്ച് നടന്നു. അദ്ദേഹത്തിന് പുസ്തകം വായിച്ചപ്പോൾ കൂടുതൽ ഗവേ ഷണം നടത്താനുള്ള പ്രചോദനമുണ്ടായി. അദ്ദേഹം കൂടുതൽ ഗവേഷണം നടത്താൻ വേണ്ടി മൂന്നു പേരടങ്ങുന്ന ഒരു സംഘ ത്തെ ഖാദിയാനിലേക്കയച്ചു. ഇവർ മൂന്നുപേരും ഖാദിയാനിൽ എത്തിയതിനു ശേഷം ഹദ്റത് മസീഹ് മൗഊദ് (അ)ന്റെ അനു ഗ്രഹീത കരങ്ങളിൽ ബൈഅത്ത് ചെയ്യാനുള്ള ഭാഗ്യം ലഭിച്ചു. ഖാദിയാനിൽ പോവുന്ന യാത്രയിൽ ഇവർ ബട്ടാലയിൽ എത്തിയ പ്പോൾ മൗലവി ഹുസൈൻ ബട്ടാലവി അവരെ തടഞ്ഞു. ഇവർ മൂന്നു പേരും തിരിച്ചു പോവാതെ ഖാദിയാനിലേക്ക് പോയി. അവി ടെ എത്തിയതിനു ശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബൈഅത്ത് ചെയ്തു. ഇതിനു ശേഷം ഖാളി സാഹിബ് ആദ്യം എഴുത്തുമുഖേന ബൈഅത്ത് ചെയ്യുകയും പിന്നീട് ഖാദിയാനിൽ വന്ന് കൈയിലും ബൈഅത്ത് ചെയ്തു.

ഹദ്റത് മൗലാന അബുൽ അത്താ സാഹിബ് ജലന്തരിയുടെ പിതാമഹൻ ഖാളി മൗല ബഖ്ശ് സാഹിബ് താലൂക്ക് നവാ ശഹർ ജില്ല ജലന്തറിലെ പേരുകേട്ട അഹ്ലെ ഹദീസ് പണ്ഡിതനായി രുന്നു. സൂര്യചന്ദ്ര ഗ്രഹണത്തിന്റെ അടയാളം പ്രത്യക്ഷപ്പെട്ട പ്പോൾ അദ്ദേഹം ഒരു ഖുത്ബയിൽ റമളാൻ മാസത്തിൽ 1300 രാവിൽ ഉണ്ടായ ചന്ദ്രഗ്രഹണവും 28 ന് പകലിൽ ഉണ്ടായ സൂര്യ ഗ്രഹണത്തെയും കുറിച്ച് വിശദീകരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു. ഇത് ഇമാം മഹ്ദിയുടെ അടയാളമാണ് ഇനി ഇമാം മഹ്ദി എപ്പോഴാണ് പ്രത്യക്ഷപ്പെടുകയെന്ന് നാം പ്രതീക്ഷിച്ചിരി ക്കേണ്ടതാണ്. ഈ ഖുത്വബക്ക് വലിയ സ്വാധീനമുണ്ടായി. മൗലാ നാ അബുൽ അത്താ ജലന്തരിയുടെ പിതാമഹനായ ഖാളി മൗല ബഖ്ശ് സാഹിബിന് ബൈഅത്ത് ചെയ്യാനുള്ള അവസ്ഥ ഉണ്ടാ യിരുന്നില്ല. പക്ഷേ അദ്ദേഹത്തിന്റെ വലിയമകൻ അതായത് മൗലാന അബുൽ അത്താ സാഹിബിന്റെ പിതാവായ ഹദ്റത് മിയാൻ ഇമാമുദ്ദീൻ സാഹിബിന് മസീഹ് മൗഊദിനെ കുറിച്ച് അറിവ് ലഭിക്കുകയും പഠനം നടത്തിയതിനു ശേഷം ഹദ്റത് മസീഹ് മൗഊദ് (അ) നെ സത്യപ്പെടുത്തുകയും ബൈഅത്ത് ചെയ്യാനുള്ള ഭാഗ്യം ലഭിക്കുകയും ചെയ്തു.

സയ്യിദ് നദീർ ഹുസൈൻ ശാഹ് സാഹിബ് വിവരിക്കുന്നു. സൂര്യചന്ദ്ര ഗ്രഹണം നടക്കുമ്പോൾ ഞാൻ വീട്ടിലായിരുന്നു. ഇത് ഹദ്റത് മിർസാ സാഹിബിന്റെ സത്യതയ്ക്കുള്ള ഒരു അടയാള മാണെന്ന് പിതാവ് പറഞ്ഞു. ഇക്കാര്യം എന്നിൽ വളരെയധികം സ്വാധീനമുണ്ടാക്കി. അങ്ങനെ ഹദ്റത് മസീഹ് മൗഊദ് (അ) സ്വീകരിക്കാനുള്ള തൗഫീഖും ലഭിച്ചു. സയ്യിദ് സൈനുൽ ആബി ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് പറയുന്നു. പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ മുസ്‌ലിംകൾ അധഃപതിച്ചു കൊണ്ടിരിക്കുന്ന ഒരു കാലം ,ആ കാലത്ത് ഈ കാര്യത്തെകുറിച്ച് പൊതുവിൽ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ഈ കാലത്ത് ഹദ്റത് ഇമാം മഹ്ദിയും ആഗതനാവുകയും അതിനുശേഷം ഹദ് റത് ഈസ (അ) വരുന്നതാണെന്ന കാര്യവും ചർച്ച ചെയ്യാറുണ്ടാ യിരുന്നു. ആ മഹ്ദിയും ഈസയും വരാനടുത്തിരിക്കുന്നുവെന്ന് സന്തോഷത്തോടുകൂടി ഉമ്മ പറയാറുണ്ട്. അതേപ്രകാരം സൂര്യ ചന്ദ്ര ഗ്രഹണവും ഹദ്റത് മഹ്ദിയുടെ കാലത്ത് പ്രത്യേക പെട്ട താണ് അതും സംഭവിച്ചിരിക്കുന്നുവെന്ന് സന്തോഷത്തോടുകൂടി ഉമ്മ പറയാറുണ്ട്. ഏതായിരുന്നാലും അല്ലാഹു കുടുംബത്തിലെ മുഴുവൻ ആളുകൾക്കും അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള തൗഫീഖ് നൽകി

ഹദ്റത് മിർസാ അയ്യൂബ് ബേഗ് സാഹിബ് പറയുന്നു.1894 ലെ റമളാൻ മാസത്തിൽ ആദ്യം ചന്ദ്രന് ഗ്രഹണം ബാധിച്ചപ്പോൾ അതേ റമളാൻ മാസത്തിൽ സൂര്യ ഗ്രഹണം നടക്കാനിരിക്കുന്ന ദിവസം അടുത്തെത്തിയപ്പോൾ രണ്ട് സഹോദരന്മാരും, ഹദ്റത് മസീഹ് മൗഊദ് (അ) നോടൊപ്പം ഈ അടയാളം ദർശിക്കാനും ഗ്രഹണ നമസ്കാരം കൂടെ നമസ്കരിക്കാമല്ലോയെന്ന ഉദ്ദേശ ത്തോടുകൂടി ശനിയാഴ്ച്ച വൈകുന്നേരം ലാഹോറിൽ നിന്ന് യാത്ര പുറപ്പെട്ടിട്ട് ഏകദേശം രാത്രി 11 മണിക്ക് ബട്ടാലയിലെത്തി. അടുത്ത ദിവസം അതിരാവിലെ ഗ്രഹണം സംഭവിക്കും ഈ യുവാ ക്കളുടെ ആഗ്രഹം എത്രമാത്രമായിരുന്നുവെന്ന് നോക്കുക. കാറ്റ ടിച്ചു കൊണ്ടിരുന്നു മേഘങ്ങൾ പരക്കുകയും മിന്നലടിക്കുകയും ചെയ്തുകൊണ്ടിരുന്നു. എതിർദിശയിലേക്കാണ് കാറ്റടിച്ചുകൊ ണ്ടിരിക്കുന്നത്. കണ്ണിൽ മണ്ണ് പതിഞ്ഞുകൊണ്ടിരുന്നു. ബട്ടാ ലയിൽ നിന്ന് ഖാദിയാനിലേക്ക് കാൽനടയായിരുന്നു യാത്ര. കാലടികൾ നല്ല രീതിയിൽ എടുത്തുവെക്കാൻ സാധിക്കുന്നില്ല. വഴി മിന്നലിന്റെ പ്രകാശം കൊണ്ടുമാത്രമാണ് കാണുന്നത്. എന്തുതന്നെയായാലും രാത്രിയിൽ തന്നെ ഖാദിയാനിൽ എത്ത ണമെന്ന് അവർ ദൃഢനിശ്ചയം ചെയ്തു. അഹ്മദിയ്യത്ത് സ്വീക രിച്ചിരിക്കുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ കൂടെ ഗ്രഹണ നമസ്കാരം അനുഷ്ഠിക്കാൻ ആഗ്രഹിച്ചിരുന്നു. അങ്ങനെ 3 പേരും വഴിയിൽ നിന്നുകൊണ്ട് വളരെ വിനിയാന്വിതനായി ദുഃആ ചെയ്തു. ആകാശത്തിന്റെയും ഭൂമിയുടെയും അധിപനായ അല്ലാഹുവേ! ഞങ്ങൾ നിന്റെ എളിയ ദാസരാണ്. നിന്റെ മസീ ഹിനെ കാണാൻ പോവുകയാണ്. ഞങ്ങൾ കാൽ നടയായിട്ടാണ് പോകുന്നത്. തണുപ്പുമുണ്ട്. നീ ഞങ്ങളിൽ കരുണ ചൊരിയേ ണമേ, ഞങ്ങളുടെ യാത്ര എളുപ്പമാക്കിത്തരേണമേ. എതിർ ദിശ യിൽ അടിച്ചു കൊണ്ടിരിക്കുന്ന കാറ്റിനെ നീ ദുരീകരിക്കേണമേ. പറയുന്നു. അവസാനപദം വായയിൽ നിന്നു പുറത്തുവന്നില്ല അപ്പോഴേക്കും കാറ്റിന്റെ ഗതി മാറുകയും മുന്നിൽ നിന്ന് അടി ക്കുന്നതിനുപകരം പിന്നിൽ നിന്ന് അടിക്കാൻ തുടങ്ങി. അങ്ങനെ അവരുടെ യാത്ര എളുപ്പമായി.

മൗലവി ഗുലം റസൂൽ സാഹിബ് വിവരിക്കുന്നു.1894 ൽ സൂര്യചന്ദ്ര ഗ്രഹണം നടക്കുമ്പോൾ ഞാൻ ലാഹോറിൽ മൗലവി ഹാഫിള് അബ്ദുൽ മന്നാൻ സാഹിബിൽ നിന്ന് തിർമിദി പഠിച്ചുകൊണ്ടിരിക്കുകയാണ്. പണ്ഡിതന്മാരുടെ വേവലാതിയും പരിഭ്രമവും എന്റെ ഹൃദയത്തിൽ സ്വാധീനം ചെലുത്തി. പണ് ഡിതന്മാർ ജനങ്ങളെ ബാലിശമായ രീതിയിൽ സമാധാനിപ്പിക്കു കയായിരുന്നു. എന്നിരുന്നാലും എന്റെ ഹൃദയം ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ സത്യത്തെ കുറിച്ച് തൃപ്തി അടഞ്ഞിരുന്നു. എന്നാൽ ഹദീസ് പഠനത്തിന്റെ പൂർത്തീകരണത്തിനായി അമൃത

സറിൽ പോവുകയും അവിടെ രണ്ട് മൂന്ന് വർഷം ഹദീസ് പഠനം പൂർത്തിയാക്കിയതിനു ശേഷം ദാറുൽ അമാനി (ഖാദിയാൻ) ൽ പോവുകയും ഹദ്റത് മസീഹ് മൗഊദ് (അ) ൽ ബൈഅത്ത് ചെയ്യുകയും ചെയ്തു.

ഹദ്റത് ഭായി അബ്ദുറഹ്മാൻ സാഹിബ് ഖാദിയാനി വിവരിക്കുന്നു. 1894 ലെ റമളാനിൽ അവസാനകാലത്ത് പ്രത്യക്ഷപ്പെടുന്ന മഹ്ദിയുടെ പ്രസിദ്ധ അടയാളമായ സൂര്യചന്ദ്ര ഗ്രഹണം പൂർത്തിയായി. ആ കാഴ്ച്ച ഇന്നും എന്റെ കണ്ണിന്റെ മുമ്പാകെയുണ്ട്. ഞങ്ങളുടെ ഹെഡ്മാസ്റ്റർ മൗലവി ജമാലുദ്ദീൻ സാഹിബ് ഈ അടയാളം പൂർത്തിയായപ്പോൾ മദ്റസയുടെ മുറിയിൽ വെച്ച് എല്ലാവരുടെയും മുമ്പാകെ പറഞ്ഞ കാര്യവും എന്റെ ചെവിയിൽ മുഴങ്ങുന്നതായി ഞാൻ കേൾക്കുന്നു. അതായത് അവസാന കാലത്തെ മഹ്ദിയെ അന്വേഷിച്ചു കൊണ്ടേയിരിക്കുന്നു. അദ്ദേഹം എവിടെയെങ്കിലും ജനിച്ചിട്ടുണ്ടാകും രണ്ടാമത്തെ കാര്യം ഈ സംഭവം മനുഷ്യ പരിശ്രമങ്ങളുടെ ഫലമല്ല. മറിച്ച് ആകാശങ്ങളിൽ സംഭവിച്ചതാണ്. അവിടെ മനുഷ്യന് എത്തിപ്പെടാൻ സാധിക്കുകയില്ല. അതുപോലെ ഇതിൽ മനുഷ്യന്റെ ഒരു വിധത്തിലുള്ള കൈകടത്തലുമില്ല. മൂന്നാമത്തെ കാര്യം അവസാന കാലത്തെ മഹ്ദി കുഫ്റിനെ ഇല്ലാതാക്കുകയും ഇസ്ലാമിനെ വിജയിപ്പിക്കുകയും ഇസ്ലാമിക സൈന്യത്തെ തയ്യാറാക്കി കാഫിറുകളെ വാളിനിരയാക്കുകയും ചെയ്യും എന്നാണ് ധാരണ. നാലാമത്തെ കാര്യം ദുഃആയും അതിന്റെ യാഥാർത്ഥ്യവും. അല്ലാഹു ദാസരുടെ ദുആ കേൾക്കുകയും ചെയ്യുന്നുവെന്ന കാര്യം. എന്ത് കൊണ്ടെന്നാൽ മുഹമ്മദിയ്യ ഉമ്മത്തിലെ വലിമാർ അവസാന കാലത്തെ മഹ്ദിക്കു വേണ്ടി ദുഃആ ചെയ്തു കൊണ്ടിരുന്നു. അവസാനം അത് സ്വീകരിക്കപ്പെട്ടു. അഞ്ചാമത്തെ കാര്യം മനസ്സിലാവുന്നത്, ഈ കാര്യങ്ങൾ ഇസ്ലാമിന്റെ സത്യതയ്ക്കുള്ള വ്യക്തമായ തെളിവാണ്. ഇസ്ലാം മതം മാത്രമാണ് അല്ലാഹുവിന് ഇഷ്ടപ്പെട്ട മതവും അല്ലാഹുവിലേക്ക് എത്താനുള്ള മാർഗവും.

ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ മറ്റൊരു സഹാബിയായ ഹദ്റത് ശേഖ് നസീറുദ്ദീൻ സാഹിബ് 1858 ൽ ജലന്തർ ജില്ലയിലെ സിക്കന്തർ പൂറിൽ ജനിച്ചു. ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ഹദ്റത് മസീഹ് മൗഊദ് (അ) ബൈഅത്ത് ചെയ്യാനുള്ള ഭാഗ്യം ലഭിച്ചു. അഹ്ലെ ഹദീസ് കക്ഷിയുമായി ബന്ധമുള്ളതാണ്. അദ്ദേഹത്തിന് മനസ്സമാധാനം ലഭിച്ചിട്ടില്ലായിരുന്നു. അങ്ങനെ അല്ലാഹുവേ എനിക്ക് മാർഗദർശനം നല്കേണമെയെന്നു അദ്ദേഹം അങ്ങേയറ്റം ദുഃആ ചെയ്തു. അല്ലാഹു മാർഗദർശനം നല്കി ഒരു വലിയ മൃഗം ആക്രമിക്കാൻ വന്നു. പക്ഷേ അദ്ദേഹം തോക്കെടുത്തു വെടിവെച്ചപ്പോൾ അത് അപ്രത്യക്ഷമായി. പിന്നീട് അദ്ദേഹം ഒരുയർന്ന സ്ഥലത്ത് പള്ളിയിൽ ഇമാമും ജമാഅത്തുമായി നമസ്കാരത്തിൽ പങ്കുചേർന്നു. ഈ സ്വപ്നം അദ്ദേഹം ഒരു മൗലവി സാഹിബിനോട് പറഞ്ഞു താങ്കൾ തന്റെ ശൈത്വാനിക ആക്രമണത്തിൽ നിന്ന് വിജയം വരിക്കുകയും ഒരു സാലിഹായ ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്യുന്നതാണെന്ന് ആ മൗലവി ഈ സ്വപ്നത്തെ വ്യാഖ്യാനിച്ചു. ഈ കാലയളവിൽ അദ്ദേഹം മസീഹ് മൗഊദ് (അ) നെ കുറിച്ച് കേൾക്കുകയും ഖാദിയാനിൽ എത്തിക്കൊണ്ട് സ്വപ്നത്തിലെ പോലുള്ള അവസ്ഥ കണ്ടിട്ടും ഒന്നും പ്രശ്നമാക്കാതെ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ അനുഗ്രഹീത കൈകളിൽ ബൈഅത്ത് ചെയ്തു. അപ്രകാരം സൂര്യചന്ദ്ര ഗ്രഹണത്തിന്റെ പ്രവചനവും മൗലവിമാരുടെ സംസാരവും അദ്ദേഹത്തിന്റെ മാർഗദർശനത്തിന് കൂടുതൽ സഹായകമായിത്തീർന്നു.

അല്ലാഹു ലോകത്തിന് ബുദ്ധി നല്കുമാറാകട്ടെ. ഇക്കാലത്തുള്ള മുസ്ലിംകൾക്ക് കാലത്തിന്റെ ഇമാമിനെ എതിർക്കുന്നതിനുപകരം അദ്ദേഹത്തെ സ്വീകരിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

ഇതിനു ശേഷം ജർമനിയിലെ നഈം അഹ്മദ് ബാജ്വ സാഹിബിന്റെ മകൻ അഹ്മദ് യഹ്യായെ അനുസ്മരിച്ചു. അദ്ദേഹം 2015 മാർച്ച് 11 ാ൦ തിയ്യതി ഒരു ആക്സിഡന്റിൽ വഫാത്തായി. പരേതൻ ജർമനിയിലെ ജാമിഅയിലെ വിദ്യാർത്ഥിയായിരുന്നു. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്ത് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 20.03.15
Malayalam Translation : Mau.Mohammad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala